# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 619 **30.06.2016 - ൽ** മറുപടിക്ക്

**കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ മുൻസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ കർമ്മ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ** | | ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ മുൻസർക്കാർ എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ മുൻ ഗവൺമെന്റ് 100 ദിന കർമ്മ പരിപാടി, സപ്തധാരാ പദ്ധതി, മിഷൻ 676 തുടങ്ങിയ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 100 ദിന കർമ്മ പരിപാടിയിൽ 21 ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും സപ്തധാരാ പദ്ധതി മുഖേന 33 പദ്ധതികളും, മിഷൻ 676 മുഖേന കേരളാ ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | ഇതുവഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുള്ളത്; | (ബി) | മേൽപ്പറഞ്ഞ കർമ്മപദ്ധതികൾ മുഖേന കേരള വാട്ടർ അതോറിറ്റിയിൽ പണി നടന്നുകൊണ്ടിരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യമിട്ടിരുന്നത്. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈ ക്കൊണ്ടത്; വിശദമാക്കാമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | പദ്ധതി നിർമ്മാണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈ വരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം? | (ഡി) | മേൽ പറഞ്ഞ കർമ്മപദ്ധതികൾ മുഖേന 158 പദ്ധതികൾ പൂർത്തീകരിച്ച് കൂടുതൽ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ